# കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി
## യൂണിവേഴ്സിറ്റി വെറ്ററിനറി ഹോസ്പിറ്റൽ, കൊക്കാലെ

ഫോൺ: 0487-2423415; ഇ-മെയിൽ - vhkok@kvasu.ac.in


നമ്പർ:യു.വി.എച്ച് /653/2024 കൊക്കാലെ, തിയ്യതി :.11/08/25

## വിജ്ഞാപനം

യൂണിവേഴ്സിറ്റി വെറ്ററിനറി ഹോസ്പിറ്റൽ, കൊക്കാലയിൽ 2025 സെപ്റ്റംബർ മാസം ഒന്നാം തീയതി ആരംഭിക്കുന്ന ആറ് മാസം ദൈർഘ്യമുള്ള ***"വെറ്ററിനറി നഴ്സിംഗ്, ഫാർമസി ആൻഡ് ലബോറട്ടറി ടെക്നിക്സ്"*** എന്നിവയിലുള്ള സ്റ്റൈപെൻഡറി ട്രെയിനിങ്ങിനായി അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. പ്രസ്തുത ട്രെയിനിങ്ങിനായി ഉദ്യോഗാർത്ഥികൾക്ക് വേണ്ട യോഗ്യതകളും മറ്റും സംബന്ധിച്ച വിവരങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| | |
|---|---|
| ട്രെയിനിങ്ങിൻറെ പേര് | വെറ്ററിനറി നഴ്സിംഗ്, ഫാർമസി ആൻഡ് ലബോറട്ടറി ടെക്നിക്സ് |
| യോഗ്യത | • അനിമൽ ഹസ്ബൻഡറി/ഡയറി സയൻസ്/പൗൾട്ടറി സയൻസ്/ഡയറി ഫാർമർ–എൻർപ്രണർ/സ്മാൾ പൌൾട്രി ഫാർമർ എന്നിവയിലേതിലെങ്കിലും വൊക്കേഷണൽ ഹയർ സെക്കൻഡറി എഡ്യൂക്കേഷൻ (VHSE) |
| പ്രായപരിധി | 25 വയസ്സ് |
| ഒഴിവുകൾ | 06 |
| സ്റ്റൈപൻഡ് | ₹ 6000/–(ആറായിരം രൂപ) |

താത്പര്യമുള്ള അപേക്ഷകർ **22.08.2025** തീയതി രാവിലെ **9.30** മണിക്ക് യൂണിവേഴ്സിറ്റി വെറ്ററിനറി ഹോസ്പിറ്റൽ , കൊക്കാലയിൽ വയസ് , വിദ്യാഭ്യാസ യോഗ്യത ,ജാതി, നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് ,അനുഭവജ്ഞാനം എന്നിവ തെളിയിക്കുന്ന ഒറിജിനൽ സർട്ടിഫിക്കറ്റുകളും അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പും പാസ്പോർട്ട് സൈസ് ഫോട്ടോയോടു കൂടിയ ബയോഡാറ്റയും സഹിതം അപേക്ഷ തയ്യാറാക്കി അഭിമുഖ പരീക്ഷയ്ക്ക് ഹാജരാകേണ്ടതാണ്. പ്രൊഫസർ & ഹെഡ്, യു.വി.എച്ച് കൊക്കാല എന്ന് അഭിസംബോധന ചെയ്ത് വെള്ള കടലാസിലാണ് അപേക്ഷ തയാറാക്കേണ്ടത്. അപേക്ഷകരുടെ എണ്ണം

അധികമാകുന്നപക്ഷം എഴുത്ത് പരീക്ഷ നടത്തി പ്രാരംഭ പരിശോധനയിൽ വിജയിക്കുന്നവരെ മാത്രമേ അഭിമുഖ പരീക്ഷയ്ക്ക് ഉൾപ്പെടുത്തുകയുള്ളൂ. ഇത് ഒരു പരിശീലനപരിപാടിയായതിനാൽ തന്നെ കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി നിയമനങ്ങളിൽ പ്രത്യേക പരിഗണനയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല. തിരഞ്ഞെടുപ്പ് രീതികളിലും റാങ്ക് ലിസ്റ്റ് രൂപീകരണത്തിലും തിരഞ്ഞെടുപ്പ് കമ്മിറ്റിയുടെ തീരുമാനങ്ങൾ അന്തിമമായിരിക്കും. അഭിമുഖ പരീക്ഷയ്ക്ക് ഹാജരാകുന്നവർക്ക് യാത്രബത്ത ഉണ്ടായിരിക്കുന്നതല്ല .

**കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി നേരിട്ടോ ഫോൺ മുഖേനയോ ബന്ധപ്പെടാവുന്നതാണ്**
PH: 8547732415 .

UNIVERSITY VETERINARY HOSPITAL
THRISSUR
PIN 680 021
KOKKALAI

പ്രൊഫസർ ആൻഡ് ഹെഡ്

PROFESSOR AND HEAD
University Veterinary Hospital
Kokkalai, Thrissur-680 021

പകർപ്പ്: നോട്ടീസ് ബോർഡ്/സർവകലാശാല വെബ്സൈറ്റ്.